LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

85(2553) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിലും ഹോമിയോ/ആയുർവേദം എന്നിവിടങ്ങളിലുമായി ഒഴിവുള്ള ഡോക്ടർമാരുടെ തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ എത്ര ഒഴിവുകൾ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലയിലെ ആരോഗ്യ വകുപ്പിൽ 69-ഉം ഹോമിയോ വകുപ്പിൽ 10-ഉം ആയുർവേദ വകുപ്പിൽ 5-ഉം ഒഴിവുകളാണ് ഉള്ളത്.

കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രി

86(2554) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രിയിലെ വോൾട്ടേജ് ക്ഷാമവും, വൈദ്യുതി വിതരണത്തിലെ അപാകതകളുംമൂലം ആശുപത്രിയിലെ പല ഉപകരണങ്ങളും കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട നടപടികളുടെ ഫയൽ നമ്പർ വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് ജനറൽ (ബീച്ച്) ആശുപത്രിയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഒരു ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സമർപ്പിച്ച ശിപാർശ 2015-16 വർഷത്തിൽ ഫണ്ട് ലഭ്യമാകാത്തതിനാൽ നടപ്പിലായില്ല. 2016-17 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയൽ നമ്പർ പി.എൽ.എ 4. 39349/2015/ആ.വ.ഡ.-യും സെക്രട്ടേറിയറ്റിലെ ഫയൽ നമ്പർ 11049/എം. 1/2015/ആ.ക.വ.-യും ആണ്.